K17U 1916

Reg. No.: ..............................

Name : ................................

THALASSERY LIBRARY

III Semester B.A. Degree (CBCSS – Reg./Supple./Improv.)
Examination, November 2017
(2014 Admn. Onwards)
CORE COURSE IN MALAYALAM
3B03 MAL : ചെറുകഥാസാഹിത്യം

Time : 3 Hours Max. Marks : 40

I. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) വറുതിയുടെ കാലം പ്രതിഫലിപ്പിക്കുന്നതാണ് 'കർക്കിടകം' എന്ന കഥ – ചർച്ച ചെയ്യുക.

2) വി. കെ. എന്നിന്റെ ഫലിതബോധം 'വിവാഹപ്പിറ്റേന്ന്' എന്ന കഥയിൽ എങ്ങനെയെല്ലാം പ്രകടമാകുന്നു ? വിവരിക്കുക.

3) മലയാളത്തിലെ ആദ്യകാല കഥകളെക്കുറിച്ച് ഉപന്യസിക്കുക.

4) സമകാലിക ചെറുകഥകളിലെ വൈവിദ്ധ്യം, പഠിക്കാനുള്ള ചെറുകഥകളെ ആസ്പദമാക്കി വിവരിക്കുക. (2×7=14)

II. നൂറ്റമ്പതു വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ നിന്നും നാലെണ്ണത്തിന് ഉത്തരമെഴുതുക.

5) 'രാത്രിമൊഴി' എന്ന കഥക്ക് ആസ്വാദനമെഴുതുക.

6) രാച്ചിയമ്മ അസാധാരണ വ്യക്തിത്വമുള്ള കഥാപാത്രമാണ് – വ്യക്തമാക്കുക.

7) "ഭാര്യയെ വല്ലവരുടെയും കൈയിൽ കൊണ്ടുപോയി കൊടുക്കുന്ന പ്രത്യയശാസ്ത്രം എന്തു പ്രത്യയശാസ്ത്രം ?" – സക്കറിയ അവതരിപ്പിക്കുന്ന പ്രത്യയശാസ്ത്ര പാഠങ്ങൾ ചർച്ച ചെയ്യുക.

8) 'ആത്മബോധമുള്ള സ്ത്രീകൾ എന്ന നിലയിലാണ് 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധയും പെൺകുട്ടിയും ഐക്യപ്പെടുന്നത് – പരിശോധിക്കുക.

9) 'സങ്കടമോചനത്തിന്റെ കൈപ്പുസ്തകം' എന്ന കഥ നൽകുന്ന അനുഭവപാഠം വിശദമാക്കുക.

10) 'തിരുത്ത്' എന്ന കഥയിലൂടെ എൻ. എസ്. മാധവൻ നൽകുന്ന സന്ദേശമെന്ത് ?

(4×3=12)

P.T.O.

III. നൂറ് വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** കുറിപ്പെഴുതുക.

11) കണ്ണടച്ച് മിണ്ടാതെ കിടന്നു. മനസ്സിനു മുൻപിൽ ആ കൊച്ചുകാളിയുടെ വിഗ്രഹം തെളിഞ്ഞു – ആരെക്കുറിച്ചാണ് പരാമർശം ? വ്യക്തമാക്കുക.

12) 'ശചീനാഥന്റെ ദേഹം പോലും കണ്ടില്ല. കുറേ ചാരം മാത്രം ആ മുറിയുടെ തറയിൽ ചിതറി ശേഷിച്ചു.' സന്ദർഭം എഴുതുക.

13) 'ഞാൻ ട്രൗസറിന്റെ ബട്ടൺ ഓരോന്നായി അഴിക്കാൻ തുടങ്ങി. അപ്പോൾ ഘനത്തോടെയുള്ള ഒരു ശബ്ദം കേട്ടു.' – എന്തായിരുന്നു ശബ്ദം ? സാരസ്യമെഴുതുക.

14) 'രാജൻ ചിരിച്ചുകൊണ്ടു പറഞ്ഞു; 'ശെരിയാ .... അമ്മ അസ്സല് നെയ്പ്പായസമാ ഉണ്ടാക്ക്യേത് ...' – വിശദീകരിക്കുക.

15) ''പക്ഷേ ചത്തവർക്ക് അടയും വെച്ചുകൊണ്ട് കാത്തിരുന്നിട്ട് ഫലമില്ലെന്ന് ഇനിയെങ്കിലും മനസ്സിലാക്കിയാൽ നന്ന്.'' – വിശദീകരിക്കുക.

16) 'ഓരോ എഴുത്തുകാരിയുടെ ഉള്ളിലും' എന്ന കഥയ്ക്ക് ആസ്വാദനക്കുറിപ്പെഴുതുക. **(4×2=8)**

IV. താഴെ കൊടുത്തിരിക്കുന്ന **എട്ട്** ചോദ്യങ്ങളിൽ **ആറെണ്ണത്തിന്** ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

17) 'ലഞ്ച്' – എന്ന കഥയെഴുതിയതാര് ?

18) മലയാളത്തിലെ ആദ്യ ചെറുകഥയായി പരിഗണിക്കുന്ന കഥ ?

19) ''അവളെ ഏതോ കരിങ്കൽക്കുന്ന് പെറ്റ് പുറത്തേക്കെറിഞ്ഞതാണെന്ന് തോന്നി. ആരെക്കുറിച്ചാണ് പരാമർശം ?

20) 'തിരുത്ത്' എന്ന കഥയിലെ പത്രാധിപരുടെ പേരെന്ത് ?

21) 'സങ്കടമോചനത്തിന് ഒരു കൈപ്പുസ്തകം' എന്ന നാടകം എഴുതിയതാര് ?

22) 'പര്യായകഥകൾ' ആരുടെ കഥാസമാഹാരമാണ് ?

23) 'കന്യാകുമാരി' എന്ന കഥയെഴുതിയത് ?

(എൻ. എസ്. മാധവൻ, കാക്കനാടൻ, സക്കറിയ, അശോകൻ ചരുവിൽ)

24) ________ ആണ് 'ചെറുകഥ ഇന്നലെ ഇന്ന്' എന്ന പുസ്തകമെഴുതിയത്. **(6×1=6)**

______________